# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ** **24.06.2019-ൽ മറുപടിയ്ക്ക്.**

**ചോദ്യം നമ്പർ 4178**

## മിൽമയുടെ പുതിയ പദ്ധതികൾ

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ.വി.ടി.ബൽറാം** | **ശ്രീ.കെ. രാജു**<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) വൈറ്റമിൻ എ, ബി എന്നിവ ചേർന്ന പാൽ പുറത്തിറക്കുവാൻ മിൽമ തീരുമാനിച്ചിട്ടുണ്ടോ; ഇപ്രകാരം വൈറ്റമിൻ ചേർന്ന പാലിന് അധികവില ഈടാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; | (എ) 01.05.2019 മുതൽ മിൽമ വൈറ്റമിൻ എ, ഡി എന്നിവ ചേർന്ന ഫോർട്ടിഫൈഡ് മിൽക്ക് കോഴിക്കോട്, തിരുവനന്തപുരം ജില്ലകളിൽ പരീക്ഷണാടിസ്ഥാനത്തിൽ വിതരണം ആരംഭിച്ചു. ബാക്കി ജില്ലകളിലും പ്രസ്തുത പാലിന്റെ വിതരണം പരീക്ഷണാടിസ്ഥാനത്തിൽ ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. ഇപ്രകാരം വൈറ്റമിൻ എ, ഡി എന്നിവ ചേർത്ത് വിൽക്കുന്ന പാലിന് അധിക വില ഈടാക്കാതെയാണ് മിൽമ ഇപ്പോൾ വിൽപ്പന നടത്തുന്നത്. |
| (ബി) മിൽമയുടെ പാലും മറ്റ് ഉൽപ്പന്നങ്ങളും ഓൺലൈൻ വഴി ഉപഭോക്താക്കളിൽ എത്തിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (ബി) തിരുവനന്തപുരം മേഖല യൂണിയന്റെ പ്രവർത്തന പരിധിയിൽ തിരുവനന്തപുരം ജില്ലയിലെ തെരഞ്ഞെടുത്ത സ്ഥലങ്ങളിൽ പാൽ ഓൺലൈൻ ആയി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി എ.എം.നീഡ്സ് എന്ന കമ്പനിയുമായി തിരുവനന്തപുരം മേഖല യൂണിയൻ കരാറിലേർപ്പെട്ട് പരീക്ഷണാടിസ്ഥാനത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (സി) ദിവസങ്ങളോളം കേടാകാതിരിക്കുന്ന ലോംഗ് ലൈഫ് പാൽ പുറത്തിറക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ? | (സി) 90 ദിവസം കേടാകാതിരിക്കുന്ന ലോംഗ് ലൈഫ് പാൽ മിൽമ പുറത്തിറക്കിയിട്ടുണ്ട്. മിൽമയുടെ മലബാർ മേഖല യൂണിയന്റെ കീഴിൽ കണ്ണൂർ ജില്ലയിൽ ശ്രീകണ്ഠപുരത്ത് പ്രവർത്തിക്കുന്ന ഡയറിയിൽ നിന്നും ഇത്തരം പാൽ വിതരണം ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത ഡയറിയിൽ പ്രവർത്തനം ആരംഭിച്ച യു.എച്ച്.റ്റി. പ്ലാന്റ് വഴി മലബാർ മേഖല യൂണിയന്റെ കീഴിലുള്ള മറ്റു ഡയറികളിലേക്കും സഹോദര സ്ഥാപനങ്ങളായ തിരുവനന്തപുരം, എറണാകുളം മേഖല യൂണിയൻ എന്നിവിടങ്ങളിലേക്കും യു.എച്ച്.റ്റി. പാൽ വിൽപ്പന നടത്തുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**